പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

18.11.2019-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നമ്പർ.5435

എൻ.ജെ.ഡി.ഒഴിവുകളിലെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി. തോമസ്<br>,, വി.ടി.ബൽറാം | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കുന്ന തീയതിയ്ക്കുമുമ്പ് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളും അതിന്മേലുണ്ടാകുന്ന എൻ.ജെ.ഡി. ഒഴിവുകളും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുതന്നെയാണോ നികത്തപ്പെടേണ്ടത്; വിശദാംശം ലഭ്യമാക്കാമോ; | (എ) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവിലേയ്ക്ക് എൻ.ജെ.ഡി ഉൾപ്പെടെ പ്രസ്തുത ലിസ്റ്റിൽ നിന്നു തന്നെ നികത്തുന്നതാണ്. റാങ്ക് പട്ടികയുടെ കാലാവധി കഴിഞ്ഞ് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. |
| (ബി) 2015-ൽ നിലവിൽവന്ന കേരള പോലീസിലെ എസ്.ഐ. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളും അതിന്മേലുണ്ടായ എൻ.ജെ.ഡി. ഒഴിവുകളും 2015-ലെ റാങ്ക് ലിസ്റ്റിൽനിന്ന് തന്നെയാണോ നികത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;<br><br>(സി) അല്ലെങ്കിൽ എന്ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് മേൽസൂചിപ്പിച്ച എൻ.ജെ.ഡി. ഒഴിവുകൾ നികത്തിയതെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | (ബി) യും (സി) 2015-ൽ നിലവിൽവന്ന കേരള പോലീസിലെ എസ്.ഐ. റാങ്ക് ലിസ്റ്റ് 26-07-2018 ന് കാലാവധി അവസാനിക്കുന്നതിനു മുമ്പ് റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ട്. അതിനു ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെയുള്ളവ 14-03-2019 ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിവരുന്നു. |

(ഡി) ഇതുസംബന്ധിച്ച് കെ.എ.ടി.യുടെയോ കോടതിയുടെയോ എന്തെങ്കിലും ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

(ഡി) 2015 ലെ റാങ്ക് ലിസ്റ്റിൽ നിന്നും കോടതി ഉത്തരവ് പ്രകാരം നികത്തപ്പെട്ടതും 12-07-2016 ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ 93 എൻ.ജെ.ഡി ഒഴിവുകളുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ SLP(c) 7189/19, SLP (c) 7569/19 എന്നീ കേസുകളും അതിനെ തുടർന്ന് ഇടക്കാല സ്റ്റേയും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ